**15.12.2021 ന് രാവിലെ 11 മണിക്ക് കേരള വാട്ടർ അതോറിറ്റി, തളിപ്പറമ്പ്. എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ ചേമ്പറിൽ വച്ചു നടന്ന ജൽജീവൻമിഷൻ ചപ്പാരപ്പടവ്, കുറുമാത്തൂർ പഞ്ചായത്തുകളിലെ M/s Stev & Jols Project Solution Pvt. Ltd ഏറ്റെടുത്ത പ്രവൃത്തികളിലെ പുരോഗതി അവലോകന യോഗത്തിൽ പങ്കെടുത്തവരും തീരുമാനങ്ങളും.**

യോഗത്തിൽ പങ്കെടുത്തവർ :

1. ശ്രീമതി. സുരജനായർ – എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, ഡബ്ല്യു.എസ്.ഡിവിഷൻ, തളിപ്പറമ്പ്.
2. ശ്രീ. സുബിൻ. പി.എസ് – അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, ഡബ്ല്യു.എസ്. സബ്. ഡിവിഷൻ, തളിപ്പറമ്പ്
3. ശ്രീ. ലിഖിൽ. പി.കെ . – അസിസ്റ്റന്റ് എഞ്ചിനീയർ,കേരള വാട്ടർ അതോറിറ്റി, ഡബ്ല്യു.എസ്. സെക്ഷൻ, തളിപ്പറമ്പ
4. ശ്രീ. ശ്രീവൽസൻ. പി.കെ. – ടെക്നിക്കൽ അസിസ്റ്റന്റ്, കേരള വാട്ടർ അതോറിറ്റി, ഡബ്ല്യു.എസ്.ഡിവിഷൻ, തളിപ്പറമ്പ.
5. ശ്രീ. സുജിത്ത്. കെ. – അസിസ്റ്റന്റ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, ഡബ്ല്യു.എസ് സെക്ഷൻ, പയ്യന്നൂർ
6. എം.യു. സ്റ്റീഫൻ M/s Stev & Jols
7. വിഷ്ണു അശോക് M/s Stev & Jols
8. രാഹുൽ. പി.വി, M/s Stev & Jols

യോഗം രാവിലെ 11.00 മണിക്ക് ആരംഭിച്ചു. യോഗത്തിലേക്ക് എല്ലാവരെയും എക്സിക്യൂട്ടിവ് എഞ്ചിനീയർ സ്വാഗതം ചെയ്തു. M/s Stev & Jols ഏറ്റെടുത്ത താഴെപ്പറയുന്ന ജൽജീവൻമിഷൻ പ്രവൃത്തികളുടെ പുരോഗതി യോഗം വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങളും തീരുമാനങ്ങളും ഏടുത്തു.

1. **കുറുമാത്തൂർ വില്ലേജ് :**

കുറുമാത്തൂർ പഞ്ചായത്തിലെ കുറുമാത്തൂർ വില്ലേജിലെ ജൽജീവൻമിഷൻ പ്രവൃത്തിയുടെ വർക്ക് ഓർഡർ 05.05.2021 ന് നൽകിയിട്ടുള്ളതും 2021 ഒക്ടോബർ 4ന് കാലാവധി അവസാനിക്കുന്നതുമാണ്. തുടർന്ന് കോൺട്രാക്ടറുടെ അഭ്യർത്ഥന മാനിച്ച്

പ്രവൃത്തിയുടെ കാലാവധി 31.12.2021 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതാണ്. എന്നാൽ പ്രവൃത്തിയിൽ കാര്യമായ പുരോഗതി കാണുന്നില്ല. പ്രവൃത്തിയിൽ 2966 ഗാർഹിക കണക്ഷനുകളാണ് നൽകാനുള്ളത്. അതിൽ ഒറിജിനൽ കാലാവധിക്കുള്ളിൽ 490 കണക്ഷനുകളും നാളിതുവരെ 852 കണക്ഷനുകളും മാത്രമാണ് നൽകിയിട്ടുള്ളത്. മാത്രമല്ല 6000 മീറ്റർ 90mm PE pipe സപ്ലൈ ചെയ്യേണ്ടിടത്ത് കാലാവധിക്കുള്ളിൽ ആകെ 1600 മീറ്ററും ഇതുവരെയായി 3200 മീറ്ററും മാത്രമാണ് സപ്ലൈ ചെയ്തിട്ടുള്ളത്. കൂടാതെ വിവിധ വ്യാസത്തിലുള്ള പി.വി.സി. പൈപ്പുകൾ ഒന്നും തന്നെ നാളിതുവരെയായി സപ്ലൈ ചെയ്തിട്ടില്ല. അതിനാൽ തന്നെ വളരെ മന്ദഗതിയിലാണ് പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നത് എന്ന് യോഗം വിലയിരുത്തി.

2. <u>പന്നിയൂർ വില്ലേജ് :</u>

കുറുമാത്തൂർ പഞ്ചായത്തിലെ പന്നിയൂർ വില്ലേജിലെ ജൽജീവൻമിഷൻ പ്രവൃത്തിയുടെ വർക്ക് ഓർഡർ 05.05.2021 ന് നൽകിയിട്ടുള്ളതും 2021 ഒക്ടോബർ 4ന് കാലാവധി അവസാനിക്കുന്നതുമാണ്. തുടർന്ന് കോൺട്രാക്ടറുടെ അഭ്യർത്ഥന മാനിച്ച് പ്രവൃത്തിയുടെ കാലാവധി 31.12.2021 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതാണ്. എന്നാൽ പ്രവൃത്തിയിൽ കാര്യമായ പുരോഗതി കാണുന്നില്ല. പ്രവൃത്തിയിൽ 2966 ഗാർഹിക കണക്ഷനുകളാണ് നൽകാനുള്ളത്. അതിൽ ഒറിജിനൽ കാലാവധിക്കുള്ളിൽ 24 കണക്ഷനുകളും നാളിതുവരെ 115 കണക്ഷനുകളും മാത്രമാണ് നൽകിയിട്ടുള്ളത്. മാത്രമല്ല കൂടാതെ വിവിധ വ്യാസത്തിലുള്ള പി.വി.സി. PE പൈപ്പുകൾ ഒന്നും തന്നെ നാളിതുവരെയായി സപ്ലൈ ചെയ്തിട്ടില്ല. അതിനാൽ തന്നെ വളരെ മന്ദഗതിയിലാണ് പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നത് എന്ന് യോഗം വിലയിരുത്തി.

3. <u>ചപ്പാരപ്പടവ് സോൺ</u> 1 :

ചപ്പാരപ്പടവ് പഞ്ചായത്തിലെ സോൺ 1 നാടുകാണി മടക്കാട് ഏരിയയിലെ വർക്ക് ഓർഡർ 06.05.2021 ന് നൽകിയിട്ടുള്ളതും 2021 സെപ്റ്റംബർ 5ന് കാലാവധി അവസാനിക്കുന്നതുമാണ്. തുടർന്ന് കോൺട്രാക്ടറുടെ അഭ്യർത്ഥന മാനിച്ച് പ്രവൃത്തിയുടെ കാലാവധി 31.12.2021 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതാണ്. എന്നാൽ പ്രവൃത്തിയിൽ കാര്യമായ പുരോഗതി കാണുന്നില്ല. പ്രവൃത്തിയിൽ 1294 ഗാർഹിക കണക്ഷനുകളാണ് നൽകാനുള്ളത്. അതിൽ ഒറിജിനൽ കാലാവധിക്കുള്ളിൽ 280 കണക്ഷനുകളും നാളിതുവരെ 528

കണക്ഷനുകളും മാത്രമാണ് നൽകിയിട്ടുള്ളത്. മാത്രമല്ല 3125 മീറ്റർ 90mm PE pipe സപ്ലൈ ചെയ്യേണ്ടിടത്ത് കാലാവധിക്കുള്ളിൽ ആകെ ഒന്നും തന്നെ സപ്ലൈ ചെയ്തിട്ടില്ല. എന്നാൽ ഇപ്പോൾ 1600 മീറ്റർ പൈപ്പ് സപ്ലൈ ചെയ്തിട്ടുണ്ടെങ്കിലും ഒന്നും തന്നെ സ്ഥാപിച്ചിട്ടില്ല. കൂടാതെ വിവിധ വ്യാസത്തിലുള്ള പി.വി.സി. പൈപ്പുകൾ ഒന്നും തന്നെ നാളിതുവരെയായി സപ്ലൈ ചെയ്തിട്ടില്ല. അതിനാൽ തന്നെ വളരെ മന്ദഗതിയിലാണ് പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നത് എന്ന് യോഗം വിലയിരുത്തി.

4. **ചപ്പാരപ്പടവ് സോൺ 2 :**

ചപ്പാരപ്പടവ് പഞ്ചായത്തിലെ സോൺ 2 മഠംതട്ട് ഏരിയയിലെ വർക്ക് ഓർഡർ 06.05.2021 ന് നൽകിയിട്ടുള്ളതും 2021 സെപ്റ്റംബർ 5ന് കാലാവധി അവസാനിക്കുന്നതുമാണ്. തുടർന്ന് കോൺട്രാക്ടറുടെ അഭ്യർത്ഥന മാനിച്ച് പ്രവൃത്തിയുടെ കാലാവധി 31.12.2021 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതാണ്. എന്നാൽ പ്രവൃത്തിയിൽ കാര്യമായ പുരോഗതി കാണുന്നില്ല. പ്രവൃത്തിയിൽ 1294 ഗാർഹിക കണക്ഷനുകളാണ് നൽകാനുള്ളത്. അതിൽ ഒറിജിനൽ കാലാവധിക്കുള്ളിൽ 200 കണക്ഷനുകളും നാളിതുവരെ 222 കണക്ഷനുകളും മാത്രമാണ് നൽകിയിട്ടുള്ളത്. മാത്രമല്ല 3125 മീറ്റർ 90mm PE pipe സപ്ലൈ ചെയ്യേണ്ടിടത്ത് കാലാവധിക്കുള്ളിൽ ആകെ ഒന്നും തന്നെ സപ്ലൈ ചെയ്തിട്ടില്ല. എന്നാൽ ഇപ്പോൾ 1600 മീറ്റർ പൈപ്പ് സപ്ലൈ ചെയ്തിട്ടുണ്ടെങ്കിലും ഒന്നും തന്നെ സ്ഥാപിച്ചിട്ടില്ല. കൂടാതെ വിവിധ വ്യാസത്തിലുള്ള പി.വി.സി. പൈപ്പുകൾ ഒന്നും തന്നെ നാളിതുവരെയായി സപ്ലൈ ചെയ്തിട്ടില്ല. അതിനാൽ തന്നെ വളരെ മന്ദഗതിയിലാണ് പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നത് എന്ന് യോഗം വിലയിരുത്തി.

**ചപ്പാരപ്പടവ് സോൺ 3 :**

ചപ്പാരപ്പടവ്പഞ്ചായത്തിലെ സോൺ 3 മംഗര, കൂവേരി, കാട്ടാമ്പള്ളി ഏരിയയിലെ വർക്ക് ഓർഡർ 06.05.2021 ന് നൽകിയിട്ടുള്ളതും 2021 സെപ്റ്റംബർ 5ന് കാലാവധി അവസാനിക്കുന്നതുമാണ്. തുടർന്ന് കോൺട്രാക്ടറുടെ അഭ്യർത്ഥന മാനിച്ച് പ്രവൃത്തിയുടെ കാലാവധി 31.12.2021 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതാണ്. എന്നാൽ പ്രവൃത്തിയിൽ കാര്യമായ പുരോഗതി കാണുന്നില്ല. പ്രവൃത്തിയിൽ 1293 ഗാർഹിക കണക്ഷനുകളാണ് നൽകാനുള്ളത്. അതിൽ നാളിതുവരെ 170 കണക്ഷനുകളും മാത്രമാണ് നൽകിയിട്ടുള്ളത്.

കൂടാതെ വിവിധ വ്യാസത്തിലുള്ള പി.വി.സി., PE പൈപ്പുകൾ ഒന്നും തന്നെ നാളിതുവരെയായി സപ്ലൈ ചെയ്തിട്ടില്ല. അതിനാൽ തന്നെ വളരെ മന്ദഗതിയിലാണ് പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നത് എന്ന് യോഗം വിലയിരുത്തി.

**തീരുമാനങ്ങൾ :**

1. മേൽ പറഞ്ഞ ഓരോ പ്രവൃത്തികൾക്കും പ്രത്യേകം പ്രത്യേകം വർക്ക് പ്ലാൻ അതാത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ നിർദ്ദേശം സ്വീകരിച്ച് തയ്യാറാക്കുകയും, ഓരോ പ്രവൃത്തികൾക്കും കൂടുതൽ ജോലിക്കാരെയും യന്ത്ര സാമഗ്രികളും ഉപയോഗപ്പെടുത്തി 31.12.2021 നുള്ളിൽ പരമാവധി കണക്ഷനുകൾ നൽകി പ്രവൃത്തി ത്വരിതപ്പെടുത്തണമെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർദ്ദേശിച്ചു.
2. എല്ലാ പ്രവൃത്തികൾക്കും ആവശ്യമായ പൈപ്പുകളും അനുബന്ധ സാമഗ്രികളും എത്രയും പെട്ടെന്ന് സപ്ലൈ ചെയ്ത് സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്.
3. പ്രവൃത്തിയുമായി ബന്ധപ്പെട്ട അറ്റകുറ്റപ്പണികൾ പ്രത്യക വർക്ക് ടീമിനെ വച്ച് യുദ്ധകാലാടി സ്ഥാനത്തിൽ തീർക്കേണ്ടതാണ്.
4. മേൽ പ്രവൃത്തികളുടെ ദീർഘിപ്പിച്ച കാലാവധി 31.12.2021ന് അവസാനിക്കുകയാണ്. ഇനിയും സമയം നീട്ടേണ്ടി വന്നാൽ ആയത് പിഴയോടുകൂടി മാത്രമേ ശുപാർശ്ശ ചെയ്യുവാൻ സാധിക്കുകയുള്ളൂ. കൂടാതെ ഡിസംബർ 31നുള്ളിൽ കാര്യമായ പുരോഗതി ഇല്ലായെങ്കിൽ പിഴയോടൊപ്പം LD യും കൂടി ചുമത്താൻ ശുപാർശ്ശ ചെയ്യുന്നതായിരിക്കും എന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

യോഗം 12.30 ന് അവസാനിച്ചു.

എക്സിക്യുട്ടീവ് എഞ്ചിനീയർ.